## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി
### സംഗ്രഹം

അക്കാദമിക് വിഭാഗം - ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് അക്കാദമിക് കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങൾ - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### അക്കാദമിക് 'ബി' വിഭാഗം

നം. എ.സി.ഡി.ബി1/14132/എസ്.എസ്.യു.എസ് /2016 തീയതി : 02.11.2016

---

പരാമർശം: 25.06.2016-ൽ നടന്ന 42-ാം അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനുട്സ് - പ്രമേയങ്ങൾ - ഐറ്റം നം.12, 13

### ഉത്തരവ്

പരാമർശം പ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് അക്കാദമിക് കൗൺസിലിൽ താഴെ കൊടുത്തിരിക്കുന്ന പ്രമേയങ്ങൾ അവതരിപ്പിക്കപ്പെടുകയും അവ അംഗീകരിക്കപ്പെടുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**പ്രമേയങ്ങൾ - ഐറ്റം നം: 12**

അക്കാദമിക് കൗൺസിൽ യോഗം ഡോ.ധർമ്മരാജൻ പി.കെ.അവതരിപ്പിക്കുകയും ഡോ.എം മണിമോഹനൻ പിന്താങ്ങുകയും ചെയ്ത പ്രമേയം താഴെ പറയുന്ന വിധം അംഗീകരിച്ചു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല എം.എ. പ്രോഗ്രാം പ്രവേശന പരീക്ഷ പാസ്സാകുന്നതിന് ജനറൽ വിഭാഗത്തിന് 40 ശതമാനവും എസ്.സി/എസ്.ടി. വിഭാഗത്തിന് 35 ശതമാനവും മിനിമം മാർക്ക് നേടണമെന്ന് അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചു.

കൂടാതെ 2016-2017 അധ്യയന വർഷം മുതൽ സ്പോട്ട് അഡ്മിഷൻ സമ്പ്രദായം നിർത്തലാക്കാനും അക്കാദമിക് കൗൺസിൽ തീരുമാനിച്ചു.

**ഐറ്റം നം: 13**

അക്കാദമിക് കൗൺസിൽ യോഗം ഡോ.കെ.എസ്.രവികുമാർ (മലയാള വിഭാഗം തലവൻ) സമർപ്പിക്കുകയും ഡോ.പി.രവി (ഹിന്ദി വിഭാഗം തലവൻ) അവതരിപ്പിക്കുകയും ചെയ്ത പ്രമേയം ചർച്ചയ്ക്കു ശേഷം താഴെ പറയുന്ന വിധം അംഗീകരിച്ചു.

"Students who have already acquired a degree (UG or PG) are not eligible to get admission to another programme at the same level (UG or PG) except professional courses with effect from next Academic Year 2017-'18".

ഈ സാഹചര്യത്തിൽ മേൽപറഞ്ഞ അക്കാദമിക് കൗൺസിൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബഹു.വൈസ് ചാൻസലർ ഉത്തരവിട്ടിരിക്കുന്നു.

ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
നാദിർഷ കെ.ടി.
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

സ്വീകർത്താവ്

1. അക്കാദമിക് സി സെക്ഷൻ - യു.ജി/പി.ജി.റഗുലേഷനുകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന്
2. എല്ലാ കാമ്പസ് ഡയറക്ടർമാർക്കും/എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും
3. വിസി/പിവിസി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. എല്ലാ ജെ.ആർ/ഡി.ആർ/ എ.ആർ
5. പരീക്ഷാ വിഭാഗം "എ"/ബി/സി/ഡി.
6. എസ്.എഫ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

Shamla

സെക്ഷൻ ഓഫീസർ